**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട 11-08-2017 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 131

# തുറമുഖ വകുപ്പ് ഏറ്റെടുത്ത പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം. ആരിഫ് :<br>ശ്രീ. എൻ. വിജയൻ പിള്ള :<br>ശ്രീ. കെ. ദാസൻ :<br>ശ്രീ. എ.എൻ. ഷംസീർ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുറമുഖ വകുപ്പ് ഏറ്റെടുത്ത പ്രധാനപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ; | (എ) അഴീക്കൽ, ആലപ്പുഴ തുറമുഖങ്ങൾ കിഫ്ബിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ബേപ്പൂർ, കൊല്ലം, ആലപ്പുഴ, വിഴിഞ്ഞം, അഴീക്കൽ എന്നീ തുറമുഖങ്ങളിലെ വിവിധ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. |
| (ബി) തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നടക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ; | (ബി) തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾ ഘട്ടം ഘട്ടമായി വികസിപ്പിക്കുന്നുണ്ട്. കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി ക്രയിൻ, റീച്ച് സ്റ്റാക്കർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് കസ്റ്റംസ് ഇ.ഡി.ഐ സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ സീവേർഡ് വാർഫിന്റെ നീളം കൂട്ടൽ, കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനൽ നിർമ്മാണം, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, എന്നിവ വിവിധ ഘട്ടങ്ങളിലാണ്. |

| | |
|---|---|
| (സി) അഴീക്കൽ, ബേപ്പൂർ, പൊന്നാനി ഉൾപ്പെടെയുള്ള മൈനർ തുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ? | (സി) അഴീക്കൽ തുറമുഖം കിഫ്ബിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് 496 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. ആലപ്പുഴ തുറമുഖം മറിനയായി വികസിപ്പിക്കുന്നതിന് ഡീറ്റെയ്ൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. KITCO പാരിസ്ഥിതിക ആഘാത പഠനം (EIA) നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 763 കോടി രൂപ ചെലവിൽ പി.പി.പി മോഡലിൽ പൊന്നാനിയിൽ തുറമുഖ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. കൊല്ലം തുറമുഖത്ത് മൾട്ടി പർപ്പസ് ബർത്തിന്റെ നിർമ്മാണം നടന്നുവരുന്നു. 46 കോടി രൂപ മുതൽ മുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ബേപ്പൂർ തുറമുഖത്ത് ബർത്തിന്റെ നീളം കൂട്ടുന്ന പ്രവൃത്തി നടന്നുവരുന്നു. |

**സെക്ഷൻ ഓഫീസർ**